Press Information Bureau
08.09.2026

# മത്സ്യമേഖലയിലെ 270 സംരംഭക സ്വപ്നങ്ങൾക്ക് വഴിയൊരുക്കി ക്ഷിതിജ് 2.0 (KSHITIJ 2.0 )ആരംഭിച്ചു

പോസ്റ്റഡ് ഓൺ: 08 SEP 2026 5:51PM by PIB Thiruvananthpuram

മത്സ്യബന്ധന മേഖലയിലെ പുതിയ സംരംഭങ്ങളും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി കൊച്ചിയിലെ ഐ.സി.എ.ആർ - സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പ്രധാന കേന്ദ്രമായി പ്രവർത്തിക്കുന്ന "ക്ഷിതിജ് 2.0 – ദി ബ്ലൂ ഹൊറൈസൺ കോഹോർട്ട് ' എന്ന ദേശീയതല സംരംഭകത്വ പരിപാടിക്ക് തുടക്കമിട്ടു. ഇന്ന് നടന്ന ഓൺലൈൻ ഉദ്ഘാടന ചടങ്ങിലാണ് പരിപാടി ആരംഭിച്ചത്. മത്സ്യബന്ധന മേഖലയിലെ നൂതന ആശയങ്ങളെ പരിപോഷിപ്പിക്കുക, സാങ്കേതികവിദ്യാധിഷ്ഠിത സംരംഭങ്ങളെ പിന്തുണയ്ക്കുക, സുസ്ഥിര സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

## രാജ്യത്തുടനീളം 35 പരിശീലന ക്യാമ്പുകൾ; 270 അപേക്ഷകർ പരിപാടിയിൽ

ക്ഷിതിജ് 2.0 -ന് രാജ്യവ്യാപകമായി മികച്ച പ്രതികരണമാണ് ലഭിച്ചത്. ICAR-CIFT യും പരിപാടിയിൽ പങ്കാളികളായ ഐ.സി.എ.ആർ ഫിഷറീസ് സ്ഥാപനങ്ങളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 35 പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇവയിലൂടെ മത്സ്യബന്ധന-